(ബി) ഈ ഇനത്തിൽ ഇടതുമുന്നണി സർക്കാരിന്റെ കാലത്ത് ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ യു. ഡി. എഫ്. സർക്കാർ നിക്ഷേപകർക്ക് തിരികെ നൽകിയ തുക എത്ര;

(ഡി) ഇതിൽ പലിശയിനത്തിൽ കൊടുത്ത തുക എത്ര?

ഉത്തരം

(എ) ഇടതുമുന്നണി സർക്കാരിന്റെ കാലത്ത് KIIFB-Bond Series-1 മുഖേന 507.06 കോടി രൂപ സ്വരൂപിക്കുകയുണ്ടായി.

(ബി) ഇടതുമുന്നണി സർക്കാരിന്റെ കാലത്ത് ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ തുകയൊന്നും ചെലവാക്കിയിട്ടില്ല.

(സി) സ്വരൂപിക്കപ്പെട്ട തുകയായ 507.06 കോടി രൂപയും 30-12-2004-ൽ നിക്ഷേപകർക്ക് മടക്കിക്കൊടുക്കുകയുണ്ടായി.

(ഡി) 340.12 കോടി രൂപ പലിശയിനത്തിൽ നിക്ഷേപകർക്ക് നൽകുകയുണ്ടായി.

നിർമ്മിതി കേന്ദ്രത്തിന് നികുതി ഇളവ് അനുവദിക്കാൻ നടപടി

28 [2637] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ജനകീയ കമ്മിറ്റികൾക്ക് നികുതിയിൽ നൽകിയിരുന്ന ഇളവ് നിർമ്മിതി കേന്ദ്രത്തിനും നൽകി വന്നിരുന്നത് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നികുതി ഇളവ് നിർത്തലാക്കുന്നതിന്റെ ഫലമായി നിർമ്മിതി കേന്ദ്രങ്ങൾ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ജനകീയ കമ്മിറ്റികൾക്ക് നൽകിവരുന്ന നികുതി ആനുകൂല്യം നിർമ്മിതി കേന്ദ്രത്തിനും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർമ്മിതി കേന്ദ്രത്തിന് യാതൊരുവിധ നികുതി ഇളവുകളും സർക്കാർ നൽകിയിട്ടില്ല.

(ബി) ഇല്ല.

(സി) 1-4-2005-ൽ നിലവിൽ വന്ന മൂല്യ വർദ്ധിത നികുതി നിയമ പ്രകാരം യാതൊരു ഒഴിവുകളും കിഴിവുകളും അനുവദിക്കാൻ സാധ്യമല്ല.

ഭരണ നവീകരണ പരിപാടിയുടെ ചെലവ്

29 [2638] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2004-05 വർഷങ്ങളിൽ ഭരണ നവീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയുടെ ചെലവുകൾ ആഡിറ്റിംഗിനു വിധേയമാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ അത് ഏത് ഏജൻസിയുടെ ആഡിറ്റ് ആണെന്നും നടന്ന ആഡിറ്റിന്റെ വിശദാംശങ്ങളും അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2004–05 വർഷങ്ങളിൽ ഭരണ നവീകരണത്തിനായി M. G. P. വകുപ്പ് മുഖേന ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

	(തുക രൂപയിൽ)
ഭരണ നവീകരണ വകുപ്പിന്റെ ഭരണ/എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ	80,85,382
സെക്രട്ടേറിയറ്റ് വകുപ്പുകളുടെയും വാണിജ്യ നികുതി വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും കാര്യശേഷി വർദ്ധിപ്പിക്കൽ	98,38,505
ഭരണ നവീകരണ നൈപുണ്യ രേഖാ പദ്ധതി	36,40,712
സർക്കാർ നടപടികളുടെ നവീകരണത്തിൻ കീഴിലുള്ള പരിപൂർണ്ണ വ്യക്തിഗത വേതന നിർവ്വഹണ സംവിധാനം	1,33,25,985
സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ള പരിശീലന പരിപാടികൾക്ക്	59,44,662
മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ പരിശീലന സൗകര്യം ഏർപ്പെടുത്തുന്നതിന്	5,00,000
സിവിൽ സപ്ലൈസ് വകുപ്പിൽ സേവന പ്രദാന പദ്ധതിക്ക്	50,000
മഴവെള്ള സംഭരണത്തിന് (ജലവിഭവ വകുപ്പ്)	2,37,60,030
വിവര സാങ്കേതിക വകുപ്പ്	1,63,43,000
പോലീസ് പോർട്ടൽ	27,70,000
കളക്ടറേറുകൾ വഴി സേവന പ്രദാന പദ്ധതി നടപ്പിലാക്കുന്നതിന്	10,38,305
ഭരണ നവീകരണ പരിപാടിയുടെ നോഡൽ സെക്ഷനുകളിലേക്ക് കമ്പ്യൂട്ടറുകളും ഫർണീച്ചറുകളും വാങ്ങിയതിന്	19,67,016
സെക്രട്ടേറിയറ്റ് വകുപ്പുകളുടേയും വാണിജ്യ നികുതി വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും കാര്യശേഷി കെട്ടിപ്പടുക്കൽ (സേവന പ്രദാന പദ്ധതി)	7,66,26,597
സംസ്ഥാനതല പൊതുമേഖല പരിഷ്കരണത്തിന് (വ്യവസായ വകുപ്പ്)	75,08,84,000
കളക്ടറേറുകളുടെ കമ്പ്യൂട്ടർവല്ക്കരണം (റവന്യൂ വകുപ്പ്)	1,30,69,818
നടപടികളുടെയും ചട്ടങ്ങളുടെയും ലഘൂകരണം (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്)	67,233
ദാരിദ്ര്യ വിവര ശേഖരണവും കൈകാര്യം ചെയ്യലും (ആസൂത്രണ വകുപ്പ്)	3,79,37,000

LIBRARY ARCHIVES Kerala Legislative Assembly

2004-05-ലെ അക്കൗണ്ടൻറ് ജനറലിൻറെ ഫൈനാൻസ് അക്കൗണ്ട്സ്/ അപ്രോപ്രിയേഷൻ അക്കൗണ്ട്സ് കൂടി പ്രസിദ്ധീകരിച്ചശേഷം മാത്രമേ, തുണ നവീകരണ പരിപാടി നടപ്പിലാക്കുന്ന മറ്റ് വകുപ്പുകൾ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ലഭിക്കുകയുള്ളൂ.

(ബി, സി) ഈ പദ്ധതിയുടെ ചെലവുകൾ ആഡിറ്റിനു വിധേയ മാണ്. അക്കൗണ്ടൻറ് ജനറലാണ് കണക്കുകൾ ആഡിറ്റ് ചെയ്യേണ്ടത്. ആഡിറ്റിനു കണക്കുകൾ ഹാജരാക്കാൻ ആവശ്യപ്പെടുന്ന മുറയ്ക്കാണ് കണക്കുകൾ ആഡിറ്റിനു നൽകുന്നത്. 2003-04-ലെ കണക്കുകൾ അക്കൗണ്ടൻറ് ജനറൽ ആഡിറ്റ് ചെയ്തിട്ടുണ്ട്. അക്കൗണ്ടൻറ് ജനറൽ 2004-05-ലെ കണക്കുകൾ ആഡിറ്റിനു ഇതുവരെ ആവശ്യപ്പെട്ടിട്ടില്ല.

പ്രൈവറ്റ് ബാങ്കുകളാൽ കബളിപ്പിക്കപ്പെട്ടവർക്ക് ആശ്വാസം

30 [2639] ശ്രീ. യു. സി. രാമൻ:
,, കെ. എൻ. എ. ഖാദർ:
,, സി. മോയിൻ കുട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, ഇസ്ഹാക്ക് കുരിക്കൾ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില മേഖലകളിൽ ആരംഭിച്ച പ്രൈവറ്റ് ബാങ്കുകൾ വലിയ നിരക്കിൽ പലിശ നൽകാമെന്ന് വ്യാമോഹിപ്പിച്ച് വ്യക്തികളിൽ നിന്നും സ്വീകരിച്ച കോടിക്കണക്കിന് രൂപയുമായി കടന്നു കളഞ്ഞതായിട്ടുള്ള സംഭവങ്ങളെപ്പറ്റിയുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ കബളിപ്പിക്കപ്പെട്ട വ്യക്തികൾക്ക് എന്തെങ്കിലും ആശ്വാസം നൽകാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) കബളിപ്പിച്ച് കടന്നു കളഞ്ഞവരെ കണ്ടുപിടിച്ച് തുക നിക്ഷേപകർക്ക് തിരികെ കൊടുക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തു തുക ഇതുവരെ തിരിച്ചു നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അപ്രകാരമുള്ള പരാതികൾ കേരള മണിലെൻറിംഗ് നിയമത്തിൻറെ പരിധിയിൽ വരുന്നതല്ല. 1958-ലെ കേരള മണിലെൻറിംഗ് നിയമത്തിൻറെ കീഴിൽ വരുന്ന രജിസ്റ്റർ ചെയ്ത പണമിടപാടു സ്ഥാപനങ്ങൾ അമിത പലിശ ഈടാക്കുന്നത് ടി നിയമപ്രകാരം ശിക്ഷാർഹമാണ്.

(ബി—ഡി) ഇതിനായി ഒരു പുതിയ നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly